ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വികസിത ഭാരതത്തിനായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ അവസരം ഉറപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിച്ച കെ.ആർ.നാരായണൻറെ ജീവിതം യുവജനങ്ങൾക്ക് പ്രചോദനമെന്ന് മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ്.

   President Droupadi Murmu has stressed that equal opportunities for every section of society, especially for the weakest and the marginalized section, is required to achieve the vision of Viksit Bharat. Former President Ram Nath Kovind said that the life of K. R. Narayanan, who worked for the upliftment of marginalized communities, is an inspiration to the youth.

2. ശ്രീനാരായണ ഗുരു മഹാസമാധി - ശതാബ്ദി ആചരണ പരിപാടികൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിൽ അൽപസമയത്തിനകം തുടക്കം കുറിക്കും. കോട്ടയം, എറണാകുളം ജില്ലകളിൽ വിവിധ പരിപാടികളിലും പങ്കെടുക്കും.

   President Droupadi Murmu will inaugurate the centenary celebrations of Sree Narayana Guru's Mahasamadhi at Sivagiri. She will also participate in various programmes in Kottayam and Ernakulam districts.

3. ഞായറാഴ്ച ആരംഭിക്കുന്ന 47-ാമത് ആസിയാൻ ഉച്ചകോടിയിൽ വെർച്വലായി പങ്കെടുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi has said that he will join the 47th ASEAN Summit virtually which will begin on 26th October.

4. ബിഹാറിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് അവസാനിക്കും. നിർദ്ദേശങ്ങൾ പാലിക്കാത്തതിന് പശ്ചിമ ബംഗാളിലെ ബൂത്ത് ലെവൽ ഓഫീസർമാർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻറെ കാരണം കാണിക്കൽ നോട്ടീസ്.

   Today is the last day for Withdrawal of Nominations in Final Phase of Bihar Assembly Elections. EC Issues Show Cause Notices to Over 1,000 Booth Level Officers in West Bengal.

5. പലസ്തീനിൽ അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾ പാലിക്കാൻ ഇസ്രായേൽ ബാധ്യസ്ഥരെന്ന് അന്താരാഷ്ട്ര നീതിന്യായ കോടതി.

   The International Court of Justice (ICJ) has said that Israel is obligated to uphold international human rights laws in the Palestinian territories.

6. കേരളത്തിൽ അതിശക്തമായ മഴ തുടരും. 4 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   Heavy rainfall will continue in Kerala. Orange alert has been issued in four districts today. Fishing has been banned along the coasts of Kerala, Karnataka, and Lakshadweep until Sunday.

********************

## PRESIDENT-RAJBHAVAN (INTRO)

വികസിത ഭാരതത്തിനായി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും തുല്യ അവസരം ഉറപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. തിരുവനന്തപുരം രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.

(വോയിസ്)

കെ ആർ നാരായണൻ മുന്നോട്ട് വെച്ച ജനാധിപത്യ ചിന്തയും മാനുഷിക മൂല്യങ്ങളും എക്കാലവും മാതൃകയാക്കണമെന്നും ശ്രീമതി മുർമു അനുസ്മരിച്ചു. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച കെ.ആർ.നാരായണന്റെ ജീവിതം രാജ്യത്തെ യുവജനങ്ങൾക്ക് പ്രചോദനമായിരിക്കുമെന്ന് മുൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ് പറഞ്ഞു.

(വോയിസ്)

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ബിഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

********************

## PRESIDENT TODAY

ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി -
ആചരണ പരിപാടികൾ രാഷ്ട്രപതി ദ്രൗപദി മുർമു ശിവഗിരിയിൽ ഉദ്ഘാടനം ചെയ്തു. നേരത്തെ മഹാ സമാധിയിൽ രാഷ്ട്രപതി പ്രണാമം അർപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ വി.എൻ.വാസവൻ, വി.ശിവൻകുട്ടി, ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ, തുടങ്ങിയവർ സന്നിഹിതരായിരുന്നു.

********************

## PRESIDENTS VISIT TO PALA

രാഷ്ട്രപതിയുടെ പാലാ സെന്റ് തോമസ് കോളേജിലെ സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പൂർണ്ണം. വൈകിട്ട് 3.50 ന് കോളേജ് മൈതാനത്ത് ഹെലികോപല്റ്ററിലെത്തുന്ന രാഷ്ട്രപതി 4.15 ന് കോളേജിൻറെ പ്ലാറ്റിനം ജൂബിലി സമാപനം ഉദ്ഘാടനം ചെയ്യും. കർശനമായ സുരക്ഷ ഉൾപ്പെടെയുള്ള നടപടികളാണ് രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ സന്ദർശനത്തോടനുബന്ധിച്ച് പാലാ സെന്റ് തോമസ് കോളേജിലും പരിസര പ്രദേശങ്ങളിലും ഒരുക്കിയിട്ടുള്ളത്. ഗതാഗത ക്രമീകരണങ്ങൾക്കൊപ്പം ജില്ലയിലെ എല്ലാ സ്ക്കൂളുകളുടേയും പ്രവർത്തന സമയത്തിലും മാറ്റം വരുത്തിയിട്ടുണ്ട്.

********************

## PRESIDENT - TOMORROW

രാഷ്ട്രപതി നാളെ രാവിലെ കോട്ടയത്തു നിന്നു ഹെലികോപ്റ്ററിൽ കൊച്ചിയിലേക്ക് പോകും. എറണാകുളം സെന്റ് തെരേസാസ് കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ ശ്രീമതി ദ്രൗപദി മുർമ്മു പങ്കെടുക്കും. നാല് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് രാഷ്ട്രപതി വൈകിട്ട് ഡൽഹിക്ക് മടങ്ങും.

********************

## PM - ASEAN

മലേഷ്യയിൽ നടക്കാനിരിക്കുന്ന 47-ാമത് ആസിയാൻ ഉച്ചകോടിയിൽ വെർച്വലായി പങ്കെടുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി ടെലിഫോൺ സംഭാഷണം

നടത്തിയതായും മലേഷ്യ ആസിയാൻ അധ്യക്ഷ സ്ഥാനം ഏറ്റെടുത്തതിൽ അഭിനന്ദനം അറിയിച്ചതായും അദ്ദേഹം പറഞ്ഞു. ഈ മാസം 26 മുതൽ 28 വരെ ക്വാലാലംപൂരിലാണ് ആസിയാൻ ഉച്ചകോടി നടക്കുന്നത്.

********************

## BIHAR ASSEMBLY ELECTIONS

ബിഹാറിൽ രണ്ടാം ഘട്ട നിയമസഭ തിരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് അവസാനിക്കും. ആദ്യ ഘട്ട വോട്ടെടുപ്പ് അടുത്ത മാസം 6-നും രണ്ടാം ഘട്ടം 11 നും നടക്കും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുൻനിര നേതാക്കളുടെ നേതൃത്വത്തിൽ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുകയാണ്. നവംബർ 14 നാണ് വോട്ടെണ്ണൽ.

********************

## PM BOOTH CAMPAIGN

പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി 'മേരാ ബൂത്ത് സബ്സേ മസ്ബൂത്ത്' പരിപാടിയുടെ ഭാഗമായി ബിജെപി-എൻഡിഎ പ്രവർത്തകരുമായി ഇന്ന് വെർച്വലായി സംവദിക്കും. വൈകിട്ട് ആറു മണിക്കാണ് പരിപാടി. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രവർത്തകരുടെ പങ്കാളിത്തമാണ് എൻഡിഎയുടെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

********************

## WB-BLO NOTICE

പശ്ചിമ ബംഗാളിലെ ആയിരത്തിലധികം ബൂത്ത് ലെവൽ ഓഫീസർമാർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻറെ കാരണം കാണിക്കൽ നോട്ടീസ്. നിർദ്ദേശങ്ങൾ പാലിക്കാത്തതിനാണ് നടപടി. BLO- മാർക്കുള്ള നിയമന പ്രക്രിയ ഏപ്രിലിൽ ആരംഭിച്ചെങ്കിലും ഈ മാസം 17 വരെ ആയിരത്തിലധികം പേർ ചുമതല ഏറ്റെടുക്കാത്തതിൻറെ പശ്ചാത്തലത്തിലാണ് നോട്ടീസ് നൽകിയത്.

********************

## GOVT-AI-DEEP FAKES

നിർമ്മിത ബുദ്ധി ഉപയോഗിച്ച് തയാറാക്കുന്ന ഉള്ളടക്കങ്ങളിൽ വ്യക്തമായ ലേബലിംഗ് നിർബന്ധമാക്കി വിവര സാങ്കേതിക വിദ്യ നിയമങ്ങളിൽ ചില ഭേദഗതികൾക്ക് കേന്ദ്ര സർക്കാർ ശുപാർശ ചെയ്തു. തെറ്റായ വിവരങ്ങൾ വിശ്വനീയമായ രീതിയിൽ പ്രചരിപ്പിക്കാൻ എഐ വ്യാപകമായി ഉപയോഗിക്കുന്നുണ്ടെന്ന് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം അറിയിച്ചു. ഇത് വിശദമായി

പരിശോധിക്കാൻ ഫേസ്ബുക്ക്, യൂട്യൂബ് തുടങ്ങിയ പ്ലാറ്റ്ഫോമുകളോട് കേന്ദ്രം ആവശ്യപ്പെട്ടു.

********************

## NAVY COMMANDER CONFERENCE

ന്യൂഡൽഹിയിൽ നടക്കുന്ന ഇന്ത്യൻ നാവികസേന കമാൻഡേർസ് കോൺഫറൻസിനെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഇന്ന് അഭിസംബോധന ചെയ്യും. 2047-ൽ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള രാജ്യത്തിൻറെ പ്രവർത്തനങ്ങൾ അദ്ദേഹം പങ്കുവെക്കും. സേനാ മേധാവിമാർ, നാവിക കമാൻഡർമാർ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

********************

## INDIA-PAK-UN

പാകിസ്ഥാൻ പിന്തുണയോടെയുള്ള പഹൽഗാം ആക്രമണം ലോകം ഒരിക്കലും മറക്കില്ലെന്ന് ഇന്ത്യ. അതിർത്തി കടന്നുള്ള ഭീകരതയ്ക്ക് പാകിസ്ഥാൻ സഹായം നൽകുന്നതും ഇന്ത്യയ്ക്കെതിരായ നയമായി ഭീകരതയെ ഉപയോഗിക്കുന്നതും അന്താരാഷ്ട്ര സമൂഹം കണ്ടുകൊണ്ടിരിക്കുകയായെന്നും ഇന്ത്യ - യുഎൻ മിഷന്റെ ആദ്യ സെക്രട്ടറി രഘു പുരി പറഞ്ഞു.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 127 -ാാം പതിപ്പ് ഈ മാസം 26 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും നാളെ വരെ പങ്കുവയ്ക്കാം.

********************

## ICJ-ISRAEL-GAZA OPINION

പലസ്തീൻ മേഖലയിൽ അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങൾ പാലിക്കാൻ ഇസ്രായേൽ ബാധ്യസ്ഥരാണെന്ന് അന്താരാഷ്ട്ര നീതിന്യായ കോടതി. ഗാസ മുനമ്പിൽ പലസ്തീൻ അഭയാർത്ഥികൾക്കായി ഐക്യരാഷ്ട്രസഭ നൽകുന്ന ദുരിതാശ്വാസ ശ്രമങ്ങളെ ഇസ്രായേൽ പിന്തുണയ്ക്കണമെന്നും 11 ജഡ്ജിമാരുടെ പാനൽ വ്യക്തമാക്കി. പലസ്തീനിലെ ജനങ്ങൾക്ക് ദൈനംദിന ജീവിതത്തിനുള്ള അവശ്യവസ്തുക്കൾ ഉറപ്പാക്കണമെന്ന നിർദേശത്തെ സ്വാഗതം ചെയ്യുന്നതായി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു.

********************

## KERALA RAIN

കേരളത്തിൽ അതി ശക്തമായ മഴ തുടരും. 4 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കോഴിക്കോട് മുതൽ കാസർകോട് വരെയാണ് ജാഗ്രതാ നിർദേശം. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

അതെസമയം, തമിഴ്നാട്ടിലും ശക്തമായ മഴ തുടരുകയാണ്. തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ദുർബലമായി ഇന്ന് വടക്ക് പടിഞ്ഞാർ ഭാഗത്തേക്ക് നീങ്ങുമെന്നാണ് വിലയിരുത്തൽ.

********************

## PENSION-DISTRIBUTION

സംസ്ഥാനത്ത് ഒക്ടോബർ മാസത്തെ സാമൂഹ്യസുരക്ഷ - ക്ഷേമനിധി പെൻഷൻ വിതരണം ഈ മാസം 27 ന് തുടങ്ങും. ഇതിനായി 812 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപ വീതം വിതരണം ചെയ്യുന്നത്.

********************

## Sabarimala - gold case

ശബരിമല സ്വർണപ്പാളി ക്രമക്കേട് കേസിൽ ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബി. മുരാരി ബാബുവിനെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. തിരുവനന്തപുരം ഈഞ്ചക്കലിലെ ക്രൈം ബ്രാഞ്ച് ഓഫീസിൽ ചോദ്യംചെയ്തതിന് ശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. മുരാരി ബാബുവിനെ ഇന്ന് റാന്നി കോടതിയിൽ ഹാജരാക്കിയേക്കും.

********************

## GST REFORMS- HEALTHCARE

പുതുക്കിയ ജിഎസ് ടി നിരക്കുകൾ ആരോഗ്യ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ 36 ജീവൻ രക്ഷാ മരുന്നുകളുടെ ജിഎസ് ടി എടുത്തുമാറ്റി. ബാൻഡ് എയ്ഡ്, ഗ്ലൂക്കോമീറ്റർ, തെർമോ മീറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ ജിഎസ് ടി യും 12 ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു.

********************

## MENS CRICKET

ഇന്ത്യക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് 265 റൺ വിജയലക്ഷ്യം. ടോസ് നേടിയ ഓസ്ട്രേലിയ ഇന്ത്യയെ ബാറ്റിങ്ങിന് അയയ്ക്കുകയായിരുന്നു. ഇന്ത്യ നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 264 റൺ നേടി. ഇന്ത്യക്ക് വേണ്ടി രോഹിത് ശർമയ്ക്കും ശ്രേയസ് അയ്യർക്കും അർധ സെഞ്ചുറി.

********************

## ICC WOMENS CRICKET

ഐ.സി.സി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ, ഇന്ത്യ ഇന്ന് ന്യൂസിലൻഡിനെ നേരിടും. ഉച്ചകഴിഞ്ഞ് 3 മണിക്ക് മുംബൈയിലാണ് മത്സരം. ഇന്നത്തെ മത്സരത്തിൽ പരാജയപ്പെടുന്നവർ ടൂർണമെന്റിൽ നിന്ന് പുറത്താകും.

********************

## Indian Railway

ഛഠ് ഉത്സവ തിരക്ക് കണക്കിലെടുത്ത്, പ്രതിദിനം ശരാശരി 300 സ്പെഷ്യൽ ട്രെയിനുകൾ ഉൾപ്പെടെ അടുത്ത അഞ്ച് ദിവസങ്ങളിൽ ഇന്ത്യൻ റെയിൽവേ 1,500 സ്പെഷ്യൽ ട്രെയിൻ സർവീസ് നടത്തും. പതിവ് ട്രെയിൻ സർവീസുകൾക്ക് പുറമേയാണ് ഇത്. ഒക്ടോബർ 1 മുതൽ അടുത്ത മാസം 30 വരെ രാജ്യത്തുടനീളം 12,000 സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്നും റെയിൽവെ മന്ത്രാലയം അറിയിച്ചു.

********************

****************

************